# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*315 11.11.2019 -ൽ മറുപടിക്ക്

### <u>സംരക്ഷിത സ്മാരകങ്ങൾ</u>

**ചോദ്യം**

ശ്രീ.എം. നൗഷാദ്
ശ്രീ.സി. കെ. ശശീന്ദ്രൻ
ശ്രീ. കെ. ബാബു
ശ്രീ.എം. രാജഗോപാലൻ

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിച്ച ചരിത്ര സ്മാരകങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 12 സ്മാരകങ്ങൾ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിച്ച് പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ 9 സ്മാരകങ്ങളുടെ അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. (ഇവയുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.) ശേഷിക്കുന്നവയിൽ 2 എണ്ണം (പഴശ്ശി കോവിലകം-കണ്ണൂർ, സെന്റ് ജോസഫ് ആംഗ്ലോ ഇന്ത്യൻ ഹയർ സെക്കണ്ടറി സ്കൂൾ-കോഴിക്കോട്) സംരക്ഷിത സ്മാരകമായി അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് യോഗ്യമല്ലെന്ന് ബോധ്യപ്പെട്ട സാഹചര്യത്തിൽ ഇവയുടെ പ്രാഥമിക വിജ്ഞാപനം റദ്ദ് ചെയ്യുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന ഒരു സ്മാരകം (G.V.H.S.S പയ്യാമ്പലം-കണ്ണൂർ) സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | സംരക്ഷിക്കപ്പെടേണ്ട കൂടുതൽ ചരിത്ര സ്മാരകങ്ങൾ കണ്ടെത്തുന്നതിനും അവ സംരക്ഷിത സ്മാരകങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി സംരക്ഷിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; | (ബി) | പുരാവസ്തു വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുന്ന ചരിത്ര പരമായോ, പുരാവസ്തു ശാസ്ത്ര സംബന്ധമായോ, കലാശില്പപരമായോ, കൗതുകപ്രദമായതും, ഒരു ശതാബ്ദത്തിൽ കുറയാതെ നിലനിന്നിട്ടുള്ളതുമായ നിർമ്മാണമോ, എടുപ്പോ, സ്മാരകമോ അഥവാ ശ്മശാന സ്ഥലമേടയോ, തടങ്കൽ സ്ഥലമോ അഥവാ ഗുഹയോ, പാറമേലുള്ള ശില്പവേലയോ, ശിലാലിഖിതമോ ആണ് 1968 ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട നിയമ പ്രകാരം പുരാവസ്തു വകുപ്പ് ഏറ്റെടുത്ത് സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കാറുള്ളത്.<br><br>പുരാവസ്തു വകുപ്പിലെ ഉദ്യോഗസ്ഥർ സ്മാരകം പരിശോധിച്ച് പുരാവസ്തു സംരക്ഷണ നിയമത്തിന്റെ പരിധിയിൽപെടുന്നതാണെന്ന് |

| | | | |
|---|---|---|---|
| | | | ബോധ്യപ്പെട്ടാൽ സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിക്കുന്നു. ആയതിലേക്ക് സ്മാരകത്തിന്റെ റവന്യൂ വിശദവിവരം അതാത് ജില്ലാ കളക്ടർമാരിൽ നിന്നും ലഭ്യമാക്കി പ്രസ്തുത വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുന്നു. പ്രാഥമിക വിജ്ഞാപനം പ്രസിദ്ധപ്പെടുത്തി 2 മാസത്തിനുള്ളിൽ വിജ്ഞാപനത്തിന്മേൽ ഉന്നയിക്കപ്പെടുന്ന ഏതൊരാക്ഷേപവും സർക്കാർ തലത്തിൽ ഹിയറിംഗ് നടത്തി തീർപ്പാക്കുന്നതും തുടർന്ന് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്യുന്നതുമാണ്. നിലവിൽ അത്തരം 183 സംരക്ഷിത സ്മാരകങ്ങൾ കേരളത്തിൽ നിലവിലുണ്ട്. നിർമ്മിതികളുടെ പൈതൃകപരമായ സവിശേഷതകൾ, ചരിത്ര മേഖലയിലെ പ്രാധാന്യം, നിർമ്മാണ രീതിയിലെ പ്രത്യേകതകൾ എന്നിവ കണക്കിലെടുത്ത് ഇത്തരം നിർമ്മിതികളെ അതിന്റെ തനതു ഭാവത്തിൽ നിലനിർത്തുവാനുള്ള പ്രവർത്തനങ്ങൾ കൈക്കൊള്ളുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 9 സ്മാരകങ്ങളെ സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. |
| (സി) | നിലവിലുള്ള സംരക്ഷിത സ്മാരകങ്ങൾ കൂടുതൽ ശാസ്ത്രീയമായ രീതിയിൽ സംരക്ഷിക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് ഈ സർക്കാർ നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | കേരള പുരാവസ്തു വകുപ്പ് സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള സ്മാരകങ്ങളുടെയും, സങ്കേതങ്ങളുടെയും, പൗരാണികാവശിഷ്ടങ്ങളുടെയും, പുരാവസ്തുക്കളുടെയും സംരക്ഷണം നിലവിലെ നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ ശരിയായ രീതിയിൽ നടത്തിപ്പോരുന്നു. ഇതിലേക്കായി കേരള പുരാവസ്തു വകുപ്പിന്റെ പദ്ധതി വിഹിതത്തിൽ നല്ലൊരുഭാഗം മാറ്റി വച്ചിട്ടുണ്ട്. ചരിത്രത്തിന്റെ ശേഷിപ്പുകൾ, പൈതൃകത്തിന്റെ അവശിഷ്ടങ്ങൾ, എന്നിവ വരുംതലമുറയ്ക്ക് പഠന വിധേയമാക്കാൻ പാകത്തിൽ നിലനിർത്തുക, ഇത്തരം സ്ഥലങ്ങളിലേയ്ക്ക് കൂടുതൽ സന്ദർശകരെ ആകർഷിക്കുക തുടങ്ങിയവയാണ് വകുപ്പിന്റെ പരിപ്രേക്ഷ്യത്തിൽ വരുന്ന സംഗതികൾ. നൂറ്റാണ്ടുകൾ പഴക്കമുള്ള പൈതൃക നിർമ്മിതികളെ അതേ രൂപത്തിലും തനിമയിലും നിലനിർത്തേണ്ടതുള്ളതുകൊണ്ടു തന്നെ, നവീന മാർഗ്ഗങ്ങളും നിർമ്മാണ വസ്തുക്കളും ഉപയോഗിക്കുന്നതിന് ഒട്ടേറെ പരിമിതികളുണ്ട്. |

| | | | |
|---|---|---|---|
| | | | പുരാവസ്തു വകുപ്പിൽ ഘടനാ സംരക്ഷണ വിഭാഗം, രാസസംരക്ഷണ വിഭാഗം എന്നിങ്ങനെ രണ്ടു വിഭാഗങ്ങളാണ് ചരിത്ര പൈതൃക ശേഷിപ്പുകൾ തൽസ്ഥിതിയിൽ തുടരാനുള്ള നടപടികൾ കൈക്കൊള്ളുന്നത്. നിലവിൽ 183 സംരക്ഷിത സ്മാരകങ്ങൾ ഉണ്ട്. അവയുടെ സംരക്ഷണ പ്രവൃത്തികൾ മികച്ച രീതിയിൽ, അവ അർഹിക്കുന്ന ഗൗരവത്തിൽ തന്നെയാണ് നടപ്പിൽ വരുത്തുന്നത്. നിയമസഭാ സമുച്ചയത്തിലെ നിയമസഭാ സുവർണ്ണ ജൂബിലി മ്യൂസിയം സ്ഥിതി ചെയ്യുന്ന കെട്ടിടവും പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരക പട്ടികയിൽ ഉൾപ്പെടുന്നതാണ്. അതിന്റെ സമഗ്രസംരക്ഷണ പദ്ധതിയുടെ ഒന്നാംഘട്ടം പരമ്പരാഗത രീതിയിൽ വിജയകരമായി പൂർത്തിയാക്കി ബഹുമാനപ്പെട്ട മുഖ്യമന്ത്രി തുറന്നു കൊടുത്തിട്ടുള്ളതാണ്. മാറുന്ന ലോകക്രമത്തിൽ മൺമറയുന്ന പലതരം പൈതൃകശേഷിപ്പുകളെ ഇത്തരത്തിൽ സംരക്ഷിക്കുക എന്നതാണ് ഘടനാ സംരക്ഷണ വിഭാഗം വഴി പുരാവസ്തു വകുപ്പ് നടപ്പിലാക്കുന്നത്. ഈ പ്രവർത്തികൾ ഏതെങ്കിലും ഒരു മുൻ മാതൃക പിൻതുടർന്ന് നടത്താവുന്നതല്ല. ഒട്ടേറെ വെല്ലുവിളികൾ നേരിടുന്ന ഒരു മേഖലയായതിനാൽ ഓരോ സ്മാരകവും സംരക്ഷിക്കുന്നത് അതിനാവശ്യമായ നൂതന രീതികൾ അവലംബിച്ചു തന്നെയാണ്. കണ്ണൂർ ജില്ലയിലെ കണ്ണവം തൊടീക്കളം ക്ഷേത്രത്തിലെ സംരക്ഷണ പ്രവർത്തികൾ വളരെയേറെ പ്രാധാന്യത്തോടെ ദേശീയ മാധ്യമങ്ങൾ റിപ്പോർട്ടു ചെയ്തിരുന്നു. മറ്റൊരു ഉദാഹരണം പുനലൂർ തൂക്കുപാലമാണ്. അതും പൈതൃക പ്രേമികളെ വളരെയധികം ആകർഷിക്കുന്ന രീതിയിലാണ്. ഇവിടെ രണ്ടിടത്തും ഉപയോഗിച്ച സംരക്ഷണ രീതികൾ തുലോം വ്യത്യസ്തമാണ്. അതായത് ഓരോ സ്മാരകവും ആവശ്യപ്പെടുന്നത് വ്യത്യസ്തമായ രീതികളാണ്. ഇക്കാര്യം വകുപ്പ് വളരെ ഗൗരവമായി കണക്കിലെടുത്ത് സ്തുത്യർഹമായി നിർവ്വഹിച്ചു വരുന്നു. 2019-20 വർഷത്തിലേക്ക് 650 ലക്ഷം രൂപയാണ് ഘടനാ സംരക്ഷണ വിഭാഗത്തിന്റെ പദ്ധതി വിഹിതം.<br><br>രാസസംരക്ഷണ വിഭാഗമാണ് വസ്തുക്കളെ വിശിഷ്യാ പ്രദർശന വസ്തുക്കളെ കൈകാര്യം |

| | | | |
|---|---|---|---|
| | | | ചെയ്യുന്നത്. മ്യൂസിയങ്ങളിലും മറ്റും പ്രദർശിപ്പിച്ചിരിക്കുന്ന നൂറ്റാണ്ടുകൾ പഴക്കമുള്ള വസ്തുക്കളെ നാശത്തിൽ നിന്നും സംരക്ഷിച്ച് നില നിർത്തുന്നതിന് സ്ഥായിയായ പരിചരണം ആവശ്യമാണ്. ഇവിടെയാണ് രാസസംരക്ഷണം ഉപയോഗത്തിൽ വരുന്നത്. ഈ വിഷയത്തിന്റെ പ്രാധാന്യം മനസ്സിലാക്കിയതു കൊണ്ടാണ് രാസസംരക്ഷണ വിഭാഗത്തിന് 2019-20 സാമ്പത്തിക വർഷത്തിലെ പദ്ധതി വിഹിതത്തിൽ നിന്നും 100 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളത്. ഉത്ഖനനം വഴി ലഭിക്കുന്ന പൈതൃക ശേഷിപ്പുകളും മറ്റും രാസസംരക്ഷണം നടത്തിയതിന് ശേഷമാണ് മ്യൂസിയങ്ങൾ, സ്റ്റോറുകൾ തുടങ്ങിയവയിലേക്ക് മാറ്റുന്നത്. തലശ്ശേരിയിൽ നിന്നും കിട്ടിയ പീരങ്കികളും, രാസസംരക്ഷണം നടത്തിയത് പുരാവസ്തു വകുപ്പിലെ രാസസംരക്ഷണ വിഭാഗമാണ്. നവീനമായ രാസസംരക്ഷണ രീതികൾ ഉപയോഗിച്ച് അന്തർദേശീയ നിലവാരത്തിലാണ് സംരക്ഷണ പ്രക്രിയ നടത്തി വരുന്നത്. ഇതിനാവശ്യമായ സാങ്കേതിക വിദ്യ വകുപ്പിലെ ഉദ്യോഗസ്ഥർ കരസ്ഥമാക്കിയിട്ടുണ്ട്. കൂടാതെ ആവശ്യമെങ്കിൽ കൂടുതൽ പരിശീലനങ്ങളും മറ്റും നൽകാൻ പുരാവസ്തു വകുപ്പ് തയ്യാറുമാണ്. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

## സർക്കാർ അധികാരത്തിൽ വന്ന ശേഷം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ച സ്മാരകങ്ങളുടെ ലിസ്റ്റ്

1. വിഴിഞ്ഞം ശിലാക്ഷേത്രം, തിരുവനന്തപുരം.
2. വാഴവേലിൽ തറവാട് വീട്, പത്തനംതിട്ട
3. മാന്നാർ തൃക്കുരട്ടി മഹാദേവ ക്ഷേത്രം, ആലപ്പുഴ
4. മറയൂർ മുനിയറകൾ, ഇടുക്കി
5. എരട്ടച്ചിറ കോവിലകം, തൃശ്ശൂർ
6. മാളയിലെ യഹൂദ സ്മാരകങ്ങൾ, തൃശ്ശൂർ
7. സി.എസ്.ഐ സെന്റ് ജോൺസ് ഇംഗ്ലീഷ് ചർച്ച്, കണ്ണൂർ
8. മാനാഞ്ചിറ ശ്രീ ഭദ്രകാളിക്ഷേത്രം, മുതലക്കുളം, കോഴിക്കോട്
9. പഴയ ജയിൽ മന്ദിരം, കണ്ടോന്താർ, കണ്ണൂർ.

## പ്രാഥമിക വിജ്ഞാപനം വന്ന ശേഷം റദ്ദ് ചെയ്യാൻ തീരുമാനിച്ച സ്മാരകങ്ങൾ

1. പഴശ്ശി കോവിലകം, കണ്ണൂർ
2. സെന്റ് ജോസഫ്സ് ആംഗ്ലോ ഇൻഡ്യൻ ഹയർസെക്കണ്ടറി സ്കൂൾ, കോഴിക്കോട്

## പ്രാഥമിക വിജ്ഞാപനം മാത്രം വന്ന സ്മാരകങ്ങൾ

ജി.വി.എച്ച്.എസ്.എസ്., കണ്ണൂർ